LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിതനഷ്ടം

305 (3127) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം എത്ര ;

ഉത്തരം

2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം 3,053.16 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകൾ

306 (3128) ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകൾ (ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ്) ഓരോ വിഭാഗത്തിലെയും ബസ്സൊന്നിനുള്ള പ്രതിമാസ ശരാശരി വരുമാനം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ശരാശരി വരുമാനത്തിലെ ഏറ്റക്കുറച്ചിലും യാത്രാനിരക്കിലെ വ്യത്യാസവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളെത്രയെന്നും പ്രതിദിന ശരാശരി വരുമാനം എത്രയെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിമാസ ശരാശരി വരുമാനം ചുവടെ ചേർക്കുന്നു :

ഓർഡിനറി	-	2,92,423 രൂപ
ഫാസ്റ്റ് പാസഞ്ചർ	-	6,79,055 ,,
സൂപ്പർ ഫാസ്റ്റ്	-	7,59,717 ,,
സൂപ്പർ എക്സ്പ്രസ്സ്	-	9,03,805 ,,
സൂപ്പർ ഡീലക്സ്	-	10,14,103 ,,

(ബി) ഉണ്ട്. നിലവിലുള്ള യാത്രാനിരക്ക് പ്രകാരം ലഭ്യമാകുന്ന വരുമാനവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ യാത്രാനിരക്ക് വർദ്ധന പ്രായോഗികമല്ല. ആയതിനാൽ സർവ്വീസ് കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനും ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) പ്രതിദിനം ശരാശരി 50 സൂപ്പർ എക്സ്പ്രസ് സർവ്വീസുകളും, ശരാശരി 24 ഡീലക്സ് സർവ്വീസുകളും ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. എക്സ്പ്രസ് എന്ന രീതിയിൽ ഒരു ഇനം സർവ്വീസ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലില്ല.

കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം

307 (3129) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറായിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ടിക്കറ്റിതര വരുമാനത്തിന്റെ കണക്ക് വ്യക്തമാക്കാമോ ?